Page 1 of 1

കണ്ടെത്തുകയും ചെയ്തു. അതേ സമയം കസ്തൂരിരംഗൻ റിപ്പോർട്ടിൽ ഇത് 13108 ചതുരശ്ര കിലോമീറ്റർ ആണ്." കരട് വിജ്ഞാപനത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) ഉണ്ട്. 17-2-2014-ലെ കത്തുമുഖേന സംസ്ഥാനത്തിന്റെ അഭിപ്രായ നിർദ്ദേശങ്ങൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്.

(ഡി) വാസസ്ഥലങ്ങൾ, കൃഷി ഭൂമികൾ, തോട്ടങ്ങൾ, പ്ലാന്റേഷനുകൾ എന്നിവയെ പൂർണ്ണമായും ESA പരിധിയിൽ നിന്നും ഒഴിവാക്കണം. നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള ചുവപ്പുകാറ്റഗറി വ്യവസായ വിഭാഗത്തിൽ നിന്നും ആശുപത്രികൾ, ഡയറിഫാം എന്നിവ ഒഴിവാക്കണം.

(ഇ) കസ്തൂരിരംഗൻ സമിതി ശുപാർശകളിന്മേൽ സംസ്ഥാന സർക്കാർ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

### പരിസ്ഥിതി ലോല പ്രദേശങ്ങളിൽ പരിസ്ഥിതി ആഘാത പഠനം

291 (3583) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതിലോല പ്രദേശങ്ങളായി കണ്ടെത്തിയ 123 വില്ലേജുകളിൽ പരിസ്ഥിതി ആഘാതപഠനം ആരംഭിക്കാൻ വനം വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഇതു സംബന്ധിച്ച് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറത്തിറക്കിയ നവംബർ 13-ന്റെ ഉത്തരവുപ്രകാരം പരിസ്ഥിതിലോലം എന്നു കണ്ടെത്തിയ പ്രദേശങ്ങളിൽ ഈ ഉത്തരവ് നടപ്പാക്കാൻ വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സ്വീകരിച്ചിട്ടില്ല.

(ബി) ഉത്തരവ് നടപ്പാക്കുന്നതിന് വനം വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടില്ലാത്തതിനാൽ നടപടികൾ സ്വീകരിച്ചിട്ടില്ല.

### ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി റിപ്പോർട്ട്

292 (3584) ശ്രീ. ഇ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കസ്തൂരിരംഗൻ സമിതി റിപ്പോർട്ടിൻപ്രകാരം എത്ര വില്ലേജുകളാണ് പരിസ്ഥിതിലോല വില്ലേജുകളായി നിർദ്ദേശിച്ചിട്ടുള്ളത് ; ഏതെല്ലാം ജില്ലയിലെ ഏതെല്ലാം വില്ലേജുകൾ എന്ന് വ്യക്തമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly